ശ്രീ. ഇ. കെ. നായനാർ : വേണ്ടാ എന്നു വച്ചുകഴിഞ്ഞ ആ റിപ്പോർട്ട് നിങ്ങളും ഞാനും വായിച്ചില്ല, ആ റിപ്പോർട്ട് എത്രമാത്രം പൂർണ്ണമായിട്ടുണ്ട്; സൈലന്റ് വാലിയെ സംബന്ധിച്ച പൂർണ്ണമായ റിപ്പോർട്ട് വയ്ക്കുമോ ഇല്ലയോ എന്നുള്ളതാണ് എനിക്ക് അറിയേണ്ടത്?

ശ്രീ. കെ. പി. നൂറുദ്ദീൻ : ആ പഴയ പദ്ധതി പൂർണ്ണമായും ഉപേക്ഷിച്ചുകഴിഞ്ഞു. നഷണൽ പാർക്ക് ആയി കേരളാ ഗവൺമെന്റ് ഇതിനോടകം നടപടി സ്വീകരിച്ച് ജി. ഒ. ഇറക്കിക്കഴിഞ്ഞു. നാഷണൽ പാർക്കായി പ്രഖ്യാപിച്ചുകൊണ്ടുള്ള ജി. ഒ. കേരളാ ഗവൺമെന്റ് പുറപ്പെടുവിച്ചു കഴിഞ്ഞു.

ഫാമിംഗ് കോർപ്പറേഷൻ നൽകിയ ഭൂമി

*429. ശ്രീ. കാനം രാജേന്ദ്രൻ :
„ കെ. ഇ. ഇസ്മയിൽ :
„ എം. കെ. കേശവൻ :
„ കെ. ടി. കുമാരൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാമിംഗ് കോർപ്പറേഷന് എത്ര ഹെക്ടർ വനഭൂമി നൽകിയിട്ടുണ്ട് ;

(ബി) ആ ഭൂമിയിൽ റബ്ബർ കൃഷി തുടങ്ങാൻ പോകുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വനം വികസന കോർപ്പറേഷന് എത്ര ഹെക്ടർ ഭൂമി നൽകിയിട്ടുണ്ട് ;

(ഡി) അവിടെ എന്തെല്ലാം കൃഷികൾ നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) വനം വിസ്തൃതി ചുരുങ്ങിയിരിക്കുന്നതിനാൽ ആ ഭൂമി തിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) ഫാമിംഗ് കോർപ്പറേഷന് ഇതേവരെ 3997.885 ഹെക്ടർ വനഭൂമി നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വനംവികസന കോർപ്പറേഷൻ ഇതേവരെ 9804.4154 ഹെക്ടർ വനഭൂമി നൽകിയിട്ടുണ്ട്.

(ഡി) യൂക്കാലിപ്റ്റസ്, ഇലവ്, തേക്ക്, അൽബീസിയ, കംപിൽ, ഏലം, തേയില, ഇപ്പിൽ, ഇപ്പിൽമട്ടി എന്നിവ കൃഷി ചെയ്യുന്നുണ്ട്.

(ഇ) ഇപ്പോൾ ഇതിന് പ്രയാസമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ : ഫാമിംഗ് കോർപ്പറേഷന് ഭൂമി കൊടുത്തിട്ടുള്ളത് എന്ത് കൃഷി ചെയ്യുന്നതിനുവേണ്ടി ആണെന്ന് വ്യക്തമാക്കുമോ; അന്ന് കരിമ്പ് കൃഷിക്ക് വേണ്ടി കൊടുത്തിട്ടുള്ള ഭൂമിയിൽ ഇപ്പോൾ റബ്ബർ പ്ലാന്റേഷൻ നടത്താനുള്ള തീരുമാനം എടുത്ത സാഹചര്യത്തിൽ കരിമ്പ് കൃഷി നിർബന്ധമാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ; അല്ലെങ്കിൽ ആ ഭൂമി തിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. കരിമ്പ് കൃഷിചെയ്യുന്നതിനാണ് ഭൂമി കൊടുത്തത്. അവർ ഇപ്പോൾ കരിമ്പ്കൃഷിയിൽനിന്ന് റബ്ബർ കൃഷിയിലേക്ക് പ്രവേശിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഭൂമി തിരിച്ചെടുക്കാൻ കഴിയുമോയെന്നുള്ളത് പ്രത്യേക പ്രശ്നമാണ്.

ശ്രീ. കാനം രാജേന്ദ്രൻ : വനംവികസന കോർപ്പറേഷൻ രൂപീകരിച്ചത് പ്ലാന്റേഷൻ ഉണ്ടാക്കാനല്ല; ഏലം, തേയില അതുപോലുള്ള കൃഷികൾ നടത്താൻ വേണ്ടിയുമല്ല. വനം വികസന കോർപ്പറേഷൻ രൂപീകരിച്ചതിനുശേഷം കേരളത്തിലെ ഇൻഡസ്ട്രിയൽ പ്ലാന്റേഷനുകൾക്ക് വ്യവസായ രംഗത്ത് സോഫ്റ്റ്വുഡും മറ്റും കിട്ടാനില്ലാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ടുന്നുണ്ട്. അതുകൊണ്ട് ഏലവും തേയിലയും കൃഷി ചെയ്യുന്നതിനുപകരം സോഫ്റ്റ്വുഡ് പ്ലാന്റേഷൻ വനംവികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനംവികസന കോർപ്പറേഷന്റെ ആദ്യം തന്നെയുള്ള പ്രോജക്ട് റിപ്പോർട്ടിൽ ഏലകൃഷിയും ഒരു ഇനമാണ്. പക്ഷേ കൂടുതലായിട്ട് മറ്റ് മരങ്ങൾ വയ്ക്കാനാണ്. കിട്ടിയ സ്ഥലങ്ങളിൽ അത് അവർ വച്ചിട്ടുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ : എന്ത് ഉദ്ദേശലക്ഷ്യം വച്ചുകൊണ്ടാണ് ഫാമിംഗ് കോർപ്പറേഷൻ വനഭൂമി ആവശ്യപ്പെട്ടത്; എന്തെങ്കിലും പ്രത്യേക നിബന്ധനയുണ്ടായിരുന്നോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഉദ്ദേശം ഞാൻ നേരത്തെ പറഞ്ഞു. മന്നം ഷുഗർ മില്ലിന് ആവശ്യമായ കരിമ്പ് കൃഷിക്കുവേണ്ടിയാണ് ഈ കോർപ്പറേഷൻ ഉണ്ടാക്കിയതും അവർക്ക് ഭൂമി വിട്ടുകൊടുത്തതും.

ശ്രീ. കെ. ഇ. ഇസ്മയിൽ : കണ്ണൂർ ജില്ലയിൽ പതിനായിരത്തോളം ഏക്കർ വിസ്തീർണ്ണമുള്ള ആറളം ഫാം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടത്താൻ നടപടികൾ സ്വീകരിക്കുമോ; അത് ഫാമിംഗ് കോർപ്പറേഷന്റെ ആണല്ലോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ട്രേഡ് യൂണിയൻ സംഘടനകളിൽ നിന്നെല്ലാം അങ്ങനെയൊരു നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : സർക്കാരിന്റെ ഭൂമി ഏതെങ്കിലും സ്ഥാപനത്തിനോ കോർപ്പറേഷനോ കൊടുക്കുമ്പോൾ ഇന്ന കാര്യത്തിനാണ് കൊടുക്കുന്നത് എന്ന് വ്യവസ്ഥ ചെയ്തുകഴിഞ്ഞാൽ ആ കാര്യത്തിനുവേണ്ടി ഉപയോഗിച്ചില്ലെങ്കിൽ അത് തിരിച്ചെടുക്കുവാൻ ഇപ്പോൾ തന്നെ നിയമം ഇല്ലേ; ആ നിയമം അനുസരിച്ച് ഈ ഭൂമി എടുത്തുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : നിയമം ഉണ്ട്. അതും സർക്കാരിന്റെ സ്ഥാപനമാണ്.

ശ്രീ. എം. കെ. കേശവൻ : ആ ഭൂമി അവർക്ക് തിരിമറി നടത്താൻ അവകാശമില്ല. അതുകൊണ്ട് ആ ഭൂമി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : കരിമ്പുകൃഷി അവിടെ നന്നാകുന്നില്ലായെന്നും അതുകൊണ്ട് ആ കൃഷി മാറ്റി വേറെ എന്തെങ്കിലും കൃഷി ചെയ്യണമെന്നും അവർ നേരത്തെ ഗവൺമെന്റിലേക്ക് അപേക്ഷിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അവർ കൃഷി മാറ്റിക്കഴിഞ്ഞു.

ശ്രീ. എം. കെ. കേശവൻ : നമ്മുടെ രാജ്യത്തിന്റെ വിസ്തീർണ്ണം കുറച്ചുകൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്. സൗകര്യമുള്ള വ്യക്തികൾ വനം കൈവശപ്പെടുത്തിയെടുക്കുന്നുണ്ട്. ജണ്ടയിടുന്നുവെന്ന് എല്ലാ യോഗത്തിലും പറയാറുണ്ട്. ഫാമിംഗ് കോർപ്പറേഷന് കൊടുത്ത ഭൂമി ഉദ്ദേശം സാധിച്ചില്ലെങ്കിൽ വനത്തിന്റെ വിസ്തീർണ്ണം മെച്ചപ്പെടുത്താൻ ആ ഭൂമി എടുക്കാനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അത് പ്രത്യേകം പ്രശ്നമാണ്.

Dr. A. Subba Rao: Since how many years have this Farming Corporation started this rubber plantation and if it is a violation of the agreement, what prevents the Government in taking over that land?

ശ്രീ. കെ. പി. നൂറുദ്ദീൻ : ആദ്യമേ അവർക്ക് ഭൂമി കൊടുക്കുമ്പോഴുള്ള ധാരണക്ക് വിരുദ്ധമാണ് രണ്ടാമത്തേത്. കരിമ്പുകൃഷി മാറ്റി റബ്ബർകൃഷി ചെയ്യണമെന്ന് പറഞ്ഞ് വളരെ നേരത്തെ ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : വനഭൂമി തോട്ടങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ചാണ് ചോദ്യം. വനസംരക്ഷണത്തിന്റെ പ്രധാന വ്യക്തിയും അതിനുവേണ്ടി ഒരു പത്രം ഉപയോഗിച്ചിരുന്ന ആൾ വയനാട്ടിലും ധാരാളം വനഭൂമി പലരുടേയും പേരിൽ ട്രാൻസാക്ട് ചെയ്ത് അതെല്ലാം തോട്ടങ്ങളാക്കിമാറ്റിക്കൊണ്ടിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വയനാട്ടിലെ എല്ലാ തോട്ടങ്ങളിലും മരംമുറിക്കൽ സംബന്ധിച്ച ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കുന്നുണ്ട്.

ശ്രീ. ടി. കെ. ഹംസ : വനംവകുപ്പിന്റെ കീഴിലുള്ള റബ്ബർതോട്ടങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷനെ ഏല്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം തോട്ടങ്ങളിൽ സ്ഥിരമായും താൽക്കാലികമായും ജോലിചെയ്യുന്ന തൊഴിലാളികളുടെ ജോലിസ്ഥിരതക്ക് സംരക്ഷണം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : പുഞ്ചക്കൊല്ലിയിലെ റബ്ബർ പ്ലാന്റേഷൻ കോർപ്പറേഷനെ ഏല്പിക്കുന്നതിന് ചില നടപടികളും ആലോചനകളും നടത്തി. അത് പൂർത്തിയാകുമ്പോൾ ഇവിടെവച്ച നിർദ്ദേശങ്ങളിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം.

ശ്രീ. ബേബിജോൺ : ഫാമിംഗ് കോർപ്പറേഷൻ റബ്ബർകൃഷി തുടങ്ങി. സാധാരണ പ്ലാന്റേഷൻ കോർപ്പറേഷനാണ് റബ്ബർ കൃഷി ചെയ്യുന്നത്. അതിൽനിന്ന് വ്യത്യസ്തമായി പമ്പ, മന്നം, തിരുവല്ല ഷുഗർ ഫാക്ടറികൾക്ക് റാമെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനുവേണ്ടിയാണ് ഫാമിംഗ് കോർപ്പറേഷൻ ഉണ്ടാക്കിയത്. അതിൽ നിന്ന് മാറി റബ്ബർ പ്ലാന്റേഷനിലേക്ക് പോയപ്പോൾ റാമെറ്റീരിയൽസ് സപ്ലൈ ചെയ്യാൻ വേറെ എന്തെങ്കിലും സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അവർക്ക് കൊടുക്കാനുള്ള റാമെറ്റീരിയൽസ് കൊടുക്കാൻ ഇവർക്ക് സാദ്ധ്യമല്ലാത്തതുകൊണ്ടാണ് ഇവർ വേറെ പ്ലാന്റേഷനിലേക്ക് പോയത്.

ശ്രീ. എം. വി. രാഘവൻ : ഫാമിംഗ് കോർപ്പറേഷൻ നിലനിൽക്കുന്നതിന് വേണ്ടി എന്തെങ്കിലും ചെയ്യുകയാണോ അതോ അതിന്റെ ഉദ്ദേശം നടപ്പിൽ വരുത്തുകയാണോ ചെയ്യുന്നത്? ഇപ്പോൾ മന്ത്രി പറഞ്ഞത് ഞങ്ങൾ അനുവാദം കൊടുത്തുപോയിയെന്നാണ്. വനഭൂമി ഇൻഡസ്ട്രിയൽ പർപ്പസിനുവേണ്ടി ഏറ്റുവാങ്ങുകയും റബ്ബർ വച്ചു പിടിപ്പിക്കുകയും ചെയ്യുന്നു. ഗവൺമെന്റ് അത് നടത്തിക്കൊടുക്കുകയാണ്. അത് പുനഃപരിശോധിക്കുമോ; അത് റദ്ദ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വർഷങ്ങൾ ധാരാളമായി. ഇപ്പോൾ പുനഃപരിശോധിക്കുകയെന്നു പറഞ്ഞാൽ അത് ഒരു ചോദ്യമാണ്.

മത്സ്യവിതരണ തൊഴിലാളികൾ

*430. ശ്രീ. നാലകത്തു സൂപ്പി :

„ കെ. പി. എ. മജീദ് :

„ പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യവിതരണ തൊഴിലാളികളെ മത്സ്യത്തൊഴിലാളികളായി അംഗീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ അവർക്കും കൂടി നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ട മത്സ്യവിതരണത്തൊഴിലാളികളെയും മത്സ്യത്തൊഴിലാളികളായ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ടിൽ അംഗീകരിച്ചിട്ടുണ്ട്. അല്ലാതുള്ള മത്സ്യവിതരണ തൊഴിലാളികളെ മത്സ്യത്തൊഴിലാളികളായി അംഗീകരിക്കുവാൻ ഉദ്ദേശമില്ല.